**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2301** **09-02-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നികുതി വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിട നികുതി അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും വസ്തുനികുതി പിരിച്ചു വരുന്നുണ്ട്. 1975-ലെ കേരള കെട്ടിട നികുതി നിയമപ്രകാരം കെട്ടിട നികുതി റവന്യൂ വകുപ്പ്പി രിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ വസ്തു നികുതി ആയി നികുതി ഘടന 2011-12 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്കും വസ്തു നികുതി ഘടന ബാധകമാക്കിയിട്ടുണ്ട്, 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതി ചട്ടങ്ങളും) പ്രകാരം 01/04/2011 തീയതി മുതൽ പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ രീതിയിലുള്ള ഘടന പ്രകാരം വസ്തു നികുതി പ്രാബല്യത്തിൽ വന്നിട്ടുണ്ട്. സർക്കാരിന്റെ 06.03.2019 തീയതിയിലെ സ. ഉ (ആർ.ടി) നം. 540/2019/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2016 മുതൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ഘടന ബാധകമാക്കിയിട്ടുള്ളതുമാണ്. |
| (ബി) | ഇനിയും കെട്ടിട നികുതി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | 994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം, അവസാനമായി വസ്തു നികുതി വർദ്ധിപ്പിച്ച 2013-14 സാമ്പത്തികവർഷം മുതൽ അഞ്ചു വർഷങ്ങൾക്ക് ശേഷം, അതായത് 2018-19-ൽ വസ്തു നികുതി വർദ്ധിപ്പിക്കേണ്ടിയിരുന്നു. എന്നാൽ പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ പ്രസ്തുത സാമ്പത്തിക വർഷം നികുതി വർദ്ധിപ്പിക്കുകയുണ്ടായില്ല. ആറാം ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച രണ്ടാം ശിപാർശ പ്രകാരം 2023-24 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വിവാഹങ്ങൾക്കും സമ്മേളനങ്ങൾക്കും ശുചീകരണ | (സി) | ബൈലോയിലെ വ്യവസ്ഥകൾ പ്രകാരം |

| | | | |
|---|---|---|---|
| | ഫീസ് ഈടാക്കാൻ തിരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | | ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ വിവാഹങ്ങൾക്കും സമ്മേളനങ്ങൾക്കും ശുചീകരണ ഫീസ് ഈടാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ